## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1135** **11.06.2019-ൽ മറുപടിയ്ക്ക്**

## റേറ്റുകൾ അപ് ലോഡ് ചെയ്യുമ്പോൾ വന്നിട്ടുള്ള തെറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പ് ലോക്കൽ മാർക്കറ്റിംഗ് റേറ്റുകൾ കമ്പ്യൂട്ടറിൽ അപ് ലോഡ് ചെയ്യുമ്പോൾ റേറ്റുകളിൽ വന്നിട്ടുള്ള തെറ്റുകൾ മൂലം നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഫിഷറീസ് വകുപ്പ് 119 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയതും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതും എന്നാൽ ലോക്കൽ മാർക്കറ്റിംഗ് റേറ്റിലെ തെറ്റുകൾ മൂലം ആരംഭിക്കാൻ സാധിക്കാത്തതുമായ കൊച്ചിൻ കോർപ്പറേഷനിലെ വാർഡ് 34 ൽ പ്പെട്ട ഇടപ്പള്ളി മാക്കാപറമ്പ്-നികർത്തിൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി പ്രസ്തുത തെറ്റുകൾ എന്നത്തേക്ക് പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;<br><br>(സി) തെറ്റുകൾക്ക് ഉത്തരവാദികൾ ആരെന്നും ഇത് പരിഹരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെന്നും വ്യക്തമാക്കാമോ? | (എ) (ബി) & (സി) പൊതുമരാമത്ത് വകുപ്പിൽ നിന്നും പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഒരു പ്രവൃത്തിയെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ലോക്കൽ മാർക്കറ്റിംഗ് റേറ്റുകൾ കമ്പ്യൂട്ടറിൽ അപ് ലോഡ് ചെയ്യുമ്പോൾ റേറ്റുകളിൽ തെറ്റ് വന്നിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ